# ഓന്നാം തരം

# മലയാളം

**ആമുഖം**

ഒന്നാംക്ലാസിലെ പാഠപുസ്തകം 2024-25 പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തു. പുതിയ പാഠ പുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രിതന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്നപേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹയമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽമെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ഓരോ മാസത്തേയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിവസങ്ങൾ പ്രതീക്ഷിച്ചപോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷികലക്ഷ്യങ്ങൾ തീരുമാനിച്ചശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംഭിക്കുന്നത്.

**അവസ്ഥാവിശകലനം**

**കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ**

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസ്സിൽ ബി ഡിവിഷനിൽ 30+ കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ 30 പേരാണ്.

പ്രവേശന പ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസ്സായ 19 കുട്ടികളും ആറ് വയസ്സായ 11 ... കുട്ടകളും ഒന്നാം ക്ലാസ്സിലുണ്ട്.

**വാർഷിക ലക്ഷ്യങ്ങൾ (മലയാളം)**

- ചെറു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
- ഓരോ കുട്ടിയും വായിച്ചു മനസിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുടേയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടേയും തിരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

**ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ**

- പൂർണ പങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ. ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
- രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.
- വായിച്ചുകേട്ട കഥ സദസ്സിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസ്സിൽ നടത്തുക.
- ഓരോ ദിവസവും പരിചയപ്പെടുന്ന അകഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന (വീട്ടിലും ക്ലാസ്സിലും).
- പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പുക്കുന്ന പാട്ടരങ്ങ് നടത്തുക.

- ഓരോ കുട്ടിയേയും പ്രധാന പഠനലക്ഷ്യത്തിന്റേയും പ്രവർത്തനത്തിന്റെയും പ്രവർത്തനത്തിന്റേയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.
- ഫോർട്ട്ഫോളിയോ വിലയിരുത്തൽ
- എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.
- ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

- പൂർണ പങ്കാളിത്ത ക്ലാസ് പി.ടി.എ.
- വായനോത്സവവും കഥാവേളയും.
- ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)
- വായനക്കാർഡുകൾ.
- സംയുക്ത വിലയിരുത്തൽ.
- അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.
- സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.

**ജൂലൈ മാസ പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

**ഓഗസ്റ്റ് മാസ പ്രവർത്തനങ്ങൾ**

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്.

- ഭാഷാ വികാസത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വികാസത്തിനനുയോജ്യമായ അക്ഷരപ്പാട്ടുകൾ, ചിത്രവായനക്കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ, സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മകമായി വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ മാസപ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തമായി മെച്ചപ്പെടുത്തുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചനക്കാരും വായനക്കാരുമായി മാറ്റുന്നു.
- സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കൻ അവസരം ഒരുക്കുന്നു.

## ഒക്ടോബർ മാസ പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവുംസജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്നലവാരക്കാരെ പുരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

**നവംബർമാസ പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ടവായന, വീട്ടുവായന, ചിത്ര വായന പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടരുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.
- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്രവായന നടത്തുന്നു.
- ചെറിയ വായനക്കാർഡുകൾ ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
- നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

**ഡിസംബർ മാസ പ്രവർത്തനങ്ങൾ**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിക്കും.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളാക്കി തിരിച്ച് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് രചാനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

**ജനുവരി മാസ പ്രവർത്തനങ്ങൾ**

- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറു കവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

**ഫെബ്രൂവരി മാസ പ്രവർത്തനങ്ങൾ**

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയപൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൻ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

**മാർച്ച് മാസ പ്രവർത്തനങ്ങൾ**

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

# ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളിപ്പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ലളിതപ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടേയും കളികളി ലൂടേയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നുമുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു.
- ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിലാക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും, വായിക്കു കയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്ന ങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- വിവിധ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- വ്യത്യസ്ത രൂപങ്ങൾ പരിചയപ്പെടുന്നു.

ജുലൈ

- ഗണിത പഠനത്തിന് സഹായകരമായ തരംതിരിക്കൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡുകൾ തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതക്കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിലേർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

ഒക്ടോബർ

- ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.

നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലെഴുതൽ.
- ഗണിത ആൽബം തയ്യാറാക്കൽ.

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം, ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പ്രദർശിപ്പിക്കുന്നു.
- വിലവിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു.
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarize with simple words.
- Enjoy songs and sings them with Rhythm and action.
- Familiarize the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.
- September
- Read and write simple words and Simple sentences

- Provides picture cards and reading cards.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# രണ്ടാം തരം

# ഗണിതം

**ആമുഖം**

ഓരോ പഠനനേട്ടത്തിലൂടെയും ഗണിതായശങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെ യാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു (100 ൽ തഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

**മുന്നൊരുക്കം**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തു ന്നു.

**പ്രവർത്തന ലക്ഷ്യം**

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പടുത്തൽ.

**ജൂൺ**

- 1, 2, 3, 4.............
- 1, 3, 5, 7.............
- 10, 20, 30, 40,.........

- 5, 10, 15, 20.........
- 2, 4, 6, 8,......... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

**ജൂലൈ**

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)

**ആഗസ്റ്റ്**

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
  99 നോട് 1 കൂട്ടിയാൽ 100
  10 പത്തുകൾ ചേർന്നാൽ 100 ആകും
  100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളുടെയും പ്രായോഗിക തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

**സെപ്റ്റംബർ**

- ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപ്പട്ടിക തയ്യാറക്കൽ
- ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

- സങ്കലന വ്യവങ്കലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ).

**നവംബർ**

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- 'ക്ലാസിനൊരു' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ 10 രൂപ + 5രൂപ = 15രൂപ.

**ഡിസംബർ**

- സംഖ്യാബോധം തിരിച്ചറിയൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ.
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതിയിൽ ഉപയോഗിക്കുന്നു.

**ജനുവരി**

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

**ഫെബ്രുവരി**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
- ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

**മാർച്ച്**

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്ത രായി കഴിയുക.

# ENGLISH

Aim: To speak, Read and Write English without any mistakes.

Time : June, July, August

June

Pretest:

To develop listening skills and reading skills first.

Listening Skills

Games, Action Songs, hello English Activities, 2n conversations skit stories use ICT.

Speaking skills

Descriptions, growing sentences, pictures reading, picture description self introduction, Assembly activities, book review, quiz, riddles, self introduction, school radio etc.

July and August

Reading skills

Newspaper reading, library books, reading book review, reading breaking news, find words, collect and read past tense, rhyming words, describing words, etc, Textbook activities.

Writing skills

Make word web, pictures description, word chair, sentence chair, make words and sentences, make riddles, conversations, add more lines develop story, description, notice proclamation, diary letter announcement, magazines

# മലയാളം

**ആമുഖം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികസനം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയാറാക്കുന്നത്. കുട്ടികളിൽ ശേഷി വികാസ ങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസ ത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായിത്തീരണം. അതാണ് ലക്ഷ്യം.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേ ടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവ ഹാരരൂപങ്ങൾ തയാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രച നകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

**മുന്നൊരുക്കം**

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാ ക്കുന്നു.

**ജൂൺ**

- ചിത്രക്കാർഡുകൾ നൽകൽ. (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

**ജൂലായ്**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.

**ആഗസ്റ്റ്**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
- ചിത്ര വിവരണം
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

**സെപ്റ്റംബർ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങളുണ്ടാക്കൽ.

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു.

**നവംബർ**

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

- ഭാഷയുടെ വിവിധതലങ്ങലിൽ എത്തിക്കുന്നതിനുള്ളപ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തികത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ.
- ലഘുവിവരങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കൽ.

**ഫെബ്രുവരി**

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ. (ഭാഷണം, എഴുത്ത്,).
- കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തങ്ങൾക്കുള്ള അവസരമൊരുക്കൽ.

**മാർച്ച്**

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
- ഓരോ കുട്ടിയും വ്യക്തിഗത കൈയ്യെഴുത്ത് മാസിക തയാറാക്കൽ.
- വീട്ടുവായന, ചിത്രവായന, അമ്മവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി ശക്തമാക്കൽ.

# മൂന്നാം തരം

# മലയാളം

**ജൂൺ – ജൂലായ്**

1. കനകച്ചിലങ്ക
   1. നാടൻപാട്ടുകൾ ശേഖരണം
      (വായ്ത്താരികൾ ഉള്ളത്)
   2. പഴഞ്ചൊല്ലുകൾ ശേഖരണം
   3. കഥാശേഖരം – ക്ലാസ് ലൈബ്രറി നവീകരണം
      (നാട്ടുകഥകൾ)
   4. നാടൻപാട്ടിലെയും കവിതയിലെയും താളം.
      (കവിത ചൊല്ലൽ) ശില്പശാല
   5. കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
   6. കടങ്കഥകൾ ശേഖരണം – കടങ്കഥ പാട്ടുകൾ-കടങ്കഥ പതിപ്പ് – കടങ്കഥപ്പയറ്റ്
   7. കഥയിലെ കേമൻ – കലാകരാനെ പരിചയപ്പെടാം – അഭിമുഖ സംഭാഷണം
   8. കലാരൂപങ്ങൾ – വേഷവിധാനം – ചിത്ര ശേഖരണം – ആൽബം
   9. പാവ നാടകത്തെ അറിയാം – ശില്പശാല

**ആഗസ്റ്റ് – സെപ്തംബർ**

2. പലഹാരപ്പൊതി
   1. കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
   2. ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ
   3. നാടക ശിൽപ്പശാല
   4. റോൾ പ്ലേ അവതരണങ്ങൾ
   5. ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ – ശേഖരണം
   6. പലഹാരമേള – പാചക കുറിപ്പ് തയ്യാറാക്കൽ
   7. കത്തുകൾ മാതൃകകൾ
   8. ഹരിതകർമ്മ സേന അംഗങ്ങളുമായി അഭിമുഖം.
   9. സ്കൂൾ പത്രം
   10. വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

സി പി ടി എ മികവുത്സവം

നാടോടിക്കഥകളുടെ അവതരണം

നാടൻപാട്ടുകളുടെ അവതരണം

പാവ നാടകം അവതരണം.

**ഒക്ടോബർ**

3. മനുഷ്യന്റെ കൈകൾ
    1. കൃഷിയിടം സന്ദർശനം
    2. കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ- അവതരണം
    3. കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
    4. നാടൻ പാട്ട് - ശിൽപ്പശാല.

# ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും, സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും, നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ്, എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഉപയോഗിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

**ജൂൺ - ജൂലായ്**

യൂണിറ്റ് -1 - രൂപങ്ങൾ വരയ്ക്കുക

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ

തോരണം നിർമ്മാണം, തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്.

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുളള രൂപങ്ങൾ

കുട്ടികൾ നിർമ്മിക്കുന്നു.

**ജൂലായ് - ആഗസ്റ്റ്**

ഓരോ കുട്ടിക്കും കണക്കു പെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്

1 മുതൽ 10 വരെ എഴുതിയ ടോക്കൺ

കളി നോട്ടുകൾ

ഓരോ നോട്ടുകളും 10 എണ്ണം വീതം.

കമ്പ് കെട്ടുകൾ

സംഖ്യാ സ്ട്രിപ്പുകൾ

അബാക്കസ് നിർമ്മാണം

**ആഗസ്റ്റ്, സെപ്തംബർ**

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

**ഒക്ടോബർ**

സ്കെയിൽ നിർമ്മാണം

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം

**നവംബർ, ഡിസംബർ**

ഗുണന വസ്തുത കാർഡ് നിർമ്മാണം

# ENGLISH

| AIMS | ACTIVITIES | DURATION |
|---|---|---|
| To study alphabets | 1. Pre test<br>2. Write Simple word | June-July |
| To study, write and read simple words | Circle the word from TB and read | August-September |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I go to bathroom ?<br><br>• Hello<br>• Hello every one<br>• Good morning<br>• Good morning everyone.<br>• Good morning class<br>• Good afternoon everyone<br>• How are you ?<br>• How are you all?<br>• How are you today ?<br>• Let me take attendance etc. | Academic Year |

# EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| ജൂൺ | 1. ചെടികൾ നിരീക്ഷിക്കുന്നു<br>2. പ്രകൃതി നടത്തം<br>3. വിത്ത് മുളപ്പിക്കൽ<br>4. വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>5. പരിസ്ഥിതി ദിനാചരണം<br>6. ഹരിത കാർഡ് നിർമ്മാണം. | S R G |
| ജൂലായ് | 1. വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം, ചിത്ര ശേഖരണം<br>2. മണ്ണ് നിരീക്ഷണം<br>3. ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>4. ശലഭങ്ങൾ വരുന്ന ചെടികൾ | |
| ആഗസ്റ്റ് | 1. മഴമാപിനി നിർമ്മാണം<br>2. ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>3. മണ്ണ് നിരീക്ഷണം<br>4. മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>5. മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>6. ആശയപടം തയ്യാറാക്കൽ | |
| സെപ്റ്റംബർ | 1. ശുചിത്വ പോസ്റ്റർ നിർമ്മാണം<br>2. സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>3. ആരോഗ്യ ബോധവത്ക്കരണ സെമിനാർ<br>4. ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ | S R G |
| ഒക്ടോബർ | 1. ഫീൽഡ് ട്രിപ്പ് - പഴം/ പച്ചക്കറികൾ<br>2. ഫുഡ് ഫെസ്റ്റിവൽ<br>3. എന്റെ ആരോഗ്യ കാർഡ് - ഓരോ കുട്ടിയ്ക്കും<br>4. ബി എം. ഐ  കാണുന്നു<br>5. സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>6. ശരിയായ ഭക്ഷണ ശീലം | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| നവംബർ | 1. ആരോഗ്യ വിദഗ്ദ്ധരുടെ ക്ലാസ്<br>2. റോൾപ്ലേ – റോഡ് നിയമങ്ങൾ<br>3. ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ<br>4. ഫസ്റ്റ് എയ്ഡ് –റോഡേഴ്സ് തീയേറ്റർ<br>5. സ്വയ സുരക്ഷ – പത്ര കട്ടിംഗ്സ്<br>6. ചർച്ച<br>7. ബോധവൽക്കരണം | S R G |
| ഡിസംബർ | 1. പരീക്ഷണങ്ങൾ<br>2. നിരീക്ഷണ പ്രവർത്തനം<br>3. ഗ്ലോബ്, ഐ സി ടി<br>4. ഗ്ലോബ്, നിർമ്മാണം<br>5. ദേശീയ പതാക വരക്കൽ<br>6. ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>7. ഭൂപട വായന<br>8. എന്റെ കേരളം – ചിത്ര രചന, കുറിപ്പ്<br>9. ചോദ്യോത്തരപ്പയറ്റ്<br>10. ഭുപ്രകൃതി തിരിച്ചറിയൽ | **S R G** |
| ജനുവരി-ഫെബ്രുവരി | 1. ജീവികളുടെ കൂടുകൾ –ചിത്ര ശേഖരണം<br>2. വ്യത്യസ്ത വീടുകൾ – ആൽബം<br>3. വീട് നിർമ്മാണ ഇടം – സന്ദർശനം<br>4. വ്യത്യസ്ത തരം ജോലികൾ – സർവ്വേ<br>5. ഇന്റർവ്യൂസ് & ഫീൽഡ് വിസിറ്റ് | |
| മാർച്ച് | പഠനോത്സവം | |

# നാലാം തരം

**ഉപമേഖല - ഭാഷ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA<br>ഫണ്ട് |
| **വായിക്കാം വളരാം**<br>വായനാ ശേഷി വളർത്തൽ | ക്ലാസ് വായന, കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലികം വായന | വർഷം മുഴുവൻ | HM, SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം**<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| **എഴുത്തുകാരുമായി സംവദിക്കൽ**<br><br>ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **കണ്ടറിയാം...കേട്ടറിയാം**<br><br>അറിവ് ഡോക്യൂമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | |
| **രുചിച്ചറിയാം**<br><br>നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>Class Teacher<br>CPTA | |
| **ഓർക്കാം...അഭിമാനിക്കാം** (സാഹിത്യകാരന്മാർ)<br><br>സാഹിത്യകാരൻമാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ - അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ ഡോക്യൂമെന്ററി പ്രദർശനം, പുസ്തക പരിചയം - ക്വിസ്, ലഘു പ്രഭാഷണം, ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം-പ്രദർശനം. | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കലക്കൂട്**<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ -നേരിട്ടറിയാൻ | പ്രദേശവാസികളായ കലാകരാന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക് - കലാവതരണം, കലയുമായിബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM, SRG<br>Class Teacher<br>CPTA | PTA |
| **സർഗ്ഗോത്സവം**<br><br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG<br>Class Teacher<br>CPTA | PTA |

**ഉപമേഖല - പരിസര പഠനം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| നിരീക്ഷണം -അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM, CPTA | PTA |
| **ശാസ്ത്രമൂല**<br><br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG Class Teacher | PTA SSA |
| **ശാസ്ത്ര യാത്ര**<br><br>ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ - ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമിക ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM, SRG Class Teacher CPTA | PTA രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഭൂപടമൊരുക്കാം**<br><br>കേരളം – ഇന്ത്യ-ഭൂപടവായന സൂചിക-പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |
| **ശാസ്ത്ര വിസ്മയ ചുമർ**<br><br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| **ശാസ്ത്രോത്സവം**<br><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനേപകരണം, പരീക്ഷണം-ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |
| **ശാസ്ത്രമാസിക**<br><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | HM, SRG<br>Class Teacher<br>CPTA | PTA |

**ഉപമേഖല - ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)**<br><br>ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീ.ഷ് ഭാഷാപഠനം)**<br><br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തീയേറ്ററർ (ഇംഗ്ലീഷ് ഭാഷാ പഠനം)**<br><br>സർഗ്ഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ( Skit, Drama, Conversation, story telling.)<br><br>. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുതത്**<br>ഇംഗ്ലീഷ് ഭാഷയിലുള്ള രചന മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ**<br>വായന-പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ്, പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>ഇംഗ്ലീഷ് നന്നായി പറയുവാനും, എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാമത്സരം, രചനാമത്സരം മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | ക്ലാസ് ടീച്ചർ | |

**ഉപമേഖല - ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ- മൂല്യ നിർണ്ണയം (ഏണിയും പാമ്പും) ഡയസ് കളി സന്തുലനം-വ്യവകലനം, കച്ചവടകളി) | വർഷം മുഴുവൻ | SRG<br>Class Teacher | |
| **ഒറിഗാമിയിലൂടെ പഠിക്കാം**<br>ഗണിതശാസ്ത്ര പഠനം രസകരമാക്കൽ-കര ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതചുമർ**<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതചുമർ ഒരുക്കൽ-ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG<br>Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| **ഗണിത പഠനോപകരണ ശില്പശാല**<br><br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള**<br>ഗണിത ഗോലികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉല്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |